**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2940** **13-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയിലെ പാർപ്പിട പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യമേഖലയിലെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ നടപടികളായിട്ടുണ്ടോ; സ്വന്തമായി വീടില്ലാത്ത എത്ര മത്സ്യത്തൊഴിലാളികൾ കേരളത്തിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പമെൻറിൻറെ (എൻ.ഐ.ആർ.ഡി) 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരുമായിരുന്നു. ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി 15603 പേർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി വഴിയാണ് നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നത്. ഇതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് കണ്ടെത്തിയ 7778 ഭവനരഹിതരായവരുടെയും, 7346 ഭൂരഹിത ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികളുടെ വിവരം ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ